തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം.

36 (4642) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ 27-4-2010-ൽ എഫ്. ഐ. ആർ. 296 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം ഏതുഘട്ടത്തിലാണ് ;

(ബി) പ്രസ്തുത കേസ്സിലെ പ്രതികൾ ആരെല്ലാമെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത കേസ്സിൽ അന്വേഷണം നടത്തി പ്രതികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) കേസ്സിൽ പ്രതികളായവർ സ്വതന്ത്രമായി നാട്ടിൽ നടക്കുമ്പോഴും അവർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കേസ്സിൽ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേസന്വേഷണം അവസാനഘട്ടത്തിലാണ്.

(ബി) 1 ഷെറിൻ, S/o സലീം, റ്റി.സി. 44/1682, കോട്ടയ്ക്കകം വാർഡ്, വഞ്ചിയൂർ.

2 ബിനു.ഐ.പി., S/o പരമേശ്വരൻ നായർ, മീനാ ഭവൻ, ജനറൽ ആശുപത്രിയ്ക്ക് എതിർവശം, വഞ്ചിയൂർ.

3 രാജുകുമാർ, വഞ്ചിയൂർ സ്വദേശി.

4 ജിനോ, വഞ്ചിയൂർ സ്വദേശി എന്നിവരാണ് പ്രതികൾ.

(സി) അന്വേഷണ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി & ഇ) പ്രതികളുടെ സാന്നിദ്ധ്യം അറിവായിട്ടില്ലാത്തതിനാൽ അവരെ ഇതേവരെ അറസ്റ്റു ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതികളെ എത്രയും വേഗം അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly